## ദുഃഖവെള്ളി – മാർച്ച് 25, 2016

**വചനസന്ദേശം: റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ**

ഒറ്റിക്കൊടുക്കലും തള്ളിപ്പറച്ചിലും പരസ്യമായ അവഹേളനങ്ങളും ക്രൂരമായ പീഡനങ്ങളും, ഇവയേക്കാളെല്ലാമുപരി, കടുത്ത ആത്മീയ വരൾച്ചയും ഒന്നിച്ചനുവിച്ച് ഇഞ്ചിഞ്ചായി മരിക്കുന്ന നല്ല ദൈവത്തിന്റെ അപാരമായ ശോകം ചുവപ്പുകലർന്ന കണ്ണീരും വിയർപ്പുമായി ഭൂമിയെ സ്പർശിച്ച ദിനമാണിന്ന്. ദൈവത്തിന്റെ കരവേലയായ മനുഷ്യൻ ദൈവത്തിനെതിരെകരമുയർത്തിയ ദിനത്തെ ദുഃഖവെള്ളിയെന്നാണ് ലോകമനഃസാക്ഷി അടയാളപ്പെടുത്തുന്നത്. മനഃസാക്ഷിയുള്ളവരല്ലാം മാറത്തലച്ച് കരയേണ്ട വലിയ ഓർമ്മദിനമാണിന്ന്. കാൽവരിയിലേക്ക് അവൻ ഒറ്റക്ക് ചുമന്ന് കയറ്റിയത് എന്റെ പാപഭാരമായിരുന്നു; കുരിശിലവൻ രക്തം വാർന്ന് മരിച്ചത് എന്റെ പകരക്കാരനായിട്ടായിരുന്നു. ഏശയ്യാ പ്രവചിച്ചതുപോലെ, നമ്മുടെ വേദന കളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്....നമ്മുടെ അതിക്രമങ്ങൾക്കു വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കു വേണ്ടി അവൻ ക്ഷതമേൽപ്പിക്കപ്പെട്ടു (ഏശയ്യാ 53:4–5). ദുഃഖവെള്ളിയാഴ്ച്ചകളിൽ ആലപിച്ച് കേൾക്കാറുള്ള "were you there when they crucified my Lord?" എന്ന ഗാനശകലം ചങ്കുതുളക്കുന്ന ചോദ്യശരങ്ങളാണ് നമുക്കെതിരെ തൊടുത്തുവിടുന്നത്. എന്റെ കർത്താവിനെ കുരിശിൽ തറച്ചപ്പോൾ നിങ്ങൾ അവിടെ ഉണ്ടായിരുന്നോ? ഉണ്ടായിരുന്നു; കാൽവരിയിൽ ഞാനുമുണ്ടായിരുന്നു. ഇതാ, ഇന്നും അവന്റെ കുരിശിന് താഴെ ഞാൻ നിൽക്കുകയാണ്. നാം കുത്തിമുറിവേൽപ്പിച്ചവനെ നാം തന്നെ നോക്കിനിൽക്കുന്ന ഈ നിമിഷങ്ങളിൽ കുരിശിൽനിന്ന് അവന് നമ്മോട് പറയാനുള്ളത് എന്ത് എന്ന് കേൾക്കാം. അവന്റെ കണ്ണുകളിലൂടെ നമുക്ക് നമ്മെതന്നെയൊന്ന് നോക്കികാണാൻ ശ്രമിക്കാം.

മരണത്തോട് അടുക്കുന്ന വേളയിൽ കുരിശിൽ കിടക്കുന്ന കർത്താവ് രണ്ട് കാര്യങ്ങൾ കാണുന്നുണ്ട്. ഒന്ന്, തന്റെ കുരിശിനോട് ചേർന്ന് നിൽക്കുന്ന അമ്മയും പ്രിയ ശിഷ്യനും. രണ്ട്, തന്റെ വസ്ത്രങ്ങൾ പങ്കിട്ടെടുക്കുന്ന പടയാളികൾ. മുന്നമേ ഞാൻ മരിച്ചിട്ട് പിന്നെ നീയും മരിച്ചെങ്കിൽ എന്ന് അമ്മയുടെ ഹൃദയം വിതുമ്പുകയാണ്. എനിക്ക് ദാഹിക്കുന്നു എന്ന് കരയുന്ന ഗുരുവിന് ഒരു തുള്ളി വെള്ളം നൽകാൻപോലും കഴിയാത്ത ദുരവസ്ഥയെക്കുറിച്ച് യോഹന്നാന്റെ ഹൃദയവും നീറുന്നുണ്ട്. എന്നാൽ അവന്റെ മേലങ്കിയുടെ നറുക്ക് ആർക്ക് കിട്ടും എന്ന വേവലാതിയാണ് ഓരോ പടയാളിയുടേയും ഉള്ളിലുള്ളത്. പൊതുജീവിതമേഖലകളിലും ആത്മീയ ഇടങ്ങളിലും നിത്യേന പ്രകടമാകുന്ന രണ്ട് മനോഭാവങ്ങളാണിവ. കുരിശിലെ കർത്താവ് സംസാരിച്ചത് കുരിശിനോടു ചേർന്നുനിന്ന അമ്മയോടും ശിഷ്യനോടുമാണെന്ന് നാം ശ്രദ്ധിക്കണം.

സ്വയം മറന്ന് ക്രിസ്തുവിന്റെ പീഡാസഹനങ്ങളെക്കുറിച്ച് ധ്യാനിക്കുകയും അതിൽ പങ്കുചേരുകയുമാണ് വേണ്ടത്. എനിക്കെന്ത് പങ്കുകിട്ടും എന്ന ചിന്തയോടെയല്ല ക്രൂശിതനെ സമീപിക്കേണ്ടത്, എന്റെ കുറവുകൾ നികത്തണമേ, എന്റെ മുറിവുകൾ മായ്ക്കണമേ എന്ന പതിവ് പ്രാർത്ഥനകളേക്കാൾ ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേയെന്ന് നമുക്കിന്ന് അപേക്ഷിക്കാം.

അടുത്തക്കാലത്ത് ആഫ്രിക്കൻ നാടുകൾ സന്ദർശിച്ച ഫ്രാൻസിസ് പാപ്പ ഒരു പ്രസംഗമദ്ധ്യേ താനെപ്പോഴും പോക്കറ്റിൽ സൂക്ഷിക്കുന്ന രണ്ട് കാര്യങ്ങളെക്കുറിച്ച് പറയുകയും അവ ജനങ്ങളെ കാണിക്കുകയും ചെയ്തു. ഒന്ന്, ഒരു ജപമാലയായിരുന്നു; അടുത്തത് ഒരു പേഴ്സിന്റെ വലിപ്പം മാത്രമുള്ള ഒരു ആൽബമായിരുന്നു. ഈ ആൽബത്തിലുള്ളത് തനിക്ക് പ്രിയപ്പെട്ടവരുടെ ഫോട്ടോകളായിരുന്നില്ല; മറിച്ച് കുരിശിന്റെ വഴിയിലെ 14 ചിത്ര

ങ്ങളായിരുന്നു. ചിത്രരൂപത്തിലുള്ള കുരിശിന്റെ വഴിയെ പാപ്പ വിശേഷിപ്പിച്ചത് എന്റെ ദൈവത്തിന്റെ തോൽവിയുടെ ചരിത്രം എന്നാണ്. ദിവസവും സമയം കിട്ടുമ്പോഴെല്ലാം താൻ ഈ ചിത്രങ്ങൾനോക്കി തെല്ലുനേരം ധ്യാനിക്കാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എങ്ങനേയും വിജയികളായവർ വീതംവച്ചെടുത്ത് തീർന്നുപോയ ഈ ലോകത്തിൽ തോറ്റുപോയവരുടെ സ്ഥാനമെവിടെയാണ്? ജീവിതവിജയത്തിന്റെ പെരുവഴികളും കുറുക്കുവഴികളും മാത്രമ ന്വേഷിക്കുന്ന പുതുതലമുറയ്ക്ക് നഗരത്തിന്റെ പുറമ്പോക്കിൽ കഴുവിലേറ്റപ്പെട്ടവന്റെ ദൈവത്വം തിരിച്ചറിയാനാവുമോ? ക്രൈസ്തവവിശ്വാസത്തിന്റെ അനന്യതയും അന്തസത്തയും വീണ്ടെടുക്കാൻ നമ്മുടെ ചിന്തകളെ ക്രൂശിതന്റെ കണ്ണീരിൽ സ്നാനം ചെയ്തെടുക്കേണ്ടതുണ്ട്. ക്രൈസ്തവ ജീവിതത്തിന്റെ ഭൂപടം കുരിശാണ്; ഓരോ ക്രൈസ്തവന്റേയും ജീവിതരേഖ അടയാളപ്പെടുത്തേണ്ടത് ജീവിതത്തിലെ കുരിശിന്റെ വഴിയിലാണ്. തോൽവികളെ പ്രസാദാത്മകമായി സ്വീകരിക്കാൻ, തോറ്റുപോയവരെ ക്രൂശിതനെയെന്നവണ്ണം വണങ്ങാൻ ദുഃഖവെള്ളി നമ്മെ പഠിപ്പിക്കുന്നു.

നല്ല ജീവിതത്തിന്റെ വ്യാകരണം കുരിശാണ്. ദൈവം തന്നെ ഭൂമിയിലിറങ്ങി മനുഷ്യനെ പഠിപ്പിച്ച പാഠമാണിത്. ക്രിസ്പിൻ എന്നു പേരായ ഒരു നല്ല വൈദികൻ തന്റെ ആത്മീയ അനുഭവങ്ങൾ വിവരിച്ചിട്ടുള്ള ഡയറിയിൽ കുറിച്ചിട്ടിട്ടുള്ള ഒരു കാര്യം ചിന്തോദീപകമാണ്. ഒരിക്കലദ്ദേഹം ഈശോയോട് ചോദിച്ചു: പ്രശ്നകലുഷിതമായ ജീവിതക്കടൽ കടക്കാൻ ഞാൻ ഏത് കപ്പലിലാണ് കയറേണ്ടത്? ഈശോ പറഞ്ഞു: കുരിശ് . കുരിശുകൾ നിറഞ്ഞ ജീവിതം തന്നെയായിരുന്നു തനിക്കുണ്ടായിരുന്നത് എന്നോർത്ത ഫാ. ക്രിസ്പിൻ വീണ്ടും ചോദിച്ചു: അധ്വാനം നിറഞ്ഞ ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയ ഞാൻ സ്വർക്ഷത്തിലേക്കെത്താൻ ഇനിയേത് ഗോവണിയാണ് കയറേണ്ടത്? ഈശോ പറഞ്ഞു: കുരിശ് . അല്പം അക്ഷമയോടെ ഫാ. ക്രിസ്പിൻ വീണ്ടും ചോദിച്ചു: കർത്താവേ, ജീവിതകുരിശുകൾ എന്നെ സഹനത്താൽ ശുദ്ധീകരിച്ച് സ്വർക്ഷത്തിന്റെ പടിവാതിൽക്കൽ എത്തിച്ചിരിക്കുന്നു! സ്വർക്ഷകവാടം തുറക്കാനുള്ള താക്കോൽ ഏതാണ്? ഈശോ പറഞ്ഞു: കുരിശ് . കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ - അങ്ങനെയുള്ളവരാണല്ലോ ക്രിസ്ത്യാനികൾ - സ്വന്തം കുരിശും എടുത്ത് വേണം അവിടുത്തെ പിന്നാലെ ചെല്ലാൻ.

എന്നാൽ, മനുഷ്യന്റെ സ്വാഭാവികപ്രവണത കുരിശുകൾ ഒഴിവാക്കാനാണ്. അങ്ങേക്ക് ഇതൊന്നും സം വിക്കാതിരിക്കട്ടെയെന്ന് പത്രോസും, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് എടുത്ത് മാറ്റണമെയെന്ന് ഗദ്സെമിനിയിലെ യേശുവും പറയുന്നുണ്ടല്ലോ. കുരിശുകളെ കുറിച്ച് പറയുകയും വേവലാതിപ്പെടുകയും ചെയ്യുമ്പോൾ ആശ്വസിപ്പിക്കാനും കൂടെ നിൽക്കാനും ആളുകളുണ്ടാകാം. എന്നാൽ, കുരിശ് ഏറ്റെടുക്കുന്ന നിമിഷം മുതൽ സഹനം വ്യക്തിപരമാണ്, എല്ലാ ാരവും തനിച്ച് വഹിക്കണം. പിതാവേ, എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ എന്ന് പറഞ്ഞ് കുരശിനെ സ്വീകരിച്ച നിമിഷം മുതൽ യേശു തനിച്ചായിരുന്നു. സ്വന്തമായിട്ടുള്ള തെല്ലാം നഷ്ടപ്പെട്ടു; ഉടുവസ്ത്രംപോലും! വി. ഹെലനയുടെ നേതൃത്വത്തിൽ എ.ഡി. 326-ലാണ് യേശുവിനെ തറച്ച കുരിശ് വിശുദ്ധ നാട്ടിൽനിന്ന് കണ്ടെടുക്കുന്നത്. അന്നുമുതൽ ഈ കുരിശ് ജറുസലേമിലെ വിശുദ്ധ കബറിടത്തിന്റെ ദേവാലയത്തിലാണ് സൂക്ഷിച്ചിരുന്നത്. എന്നാൽ എ.ഡി. 628-ൽ ഇത് പേർഷ്യയിലേക്ക് കടത്തപ്പെട്ടു. എ.ഡി 629-ൽ തന്നെ ബൈസന്റീൻ ചക്രവർത്തിയായിരുന്ന ഹെരാക്ലിയൂസ് വി. കുരിശ് തിരിച്ചുപിടിക്കുകയും ജറുസലേമിലേക്ക് ആഘോഷപൂർവ്വം കൊണ്ടുവരികയും ചെയ്തു. അടിയുറച്ച ക്രൈസ്തവവിശ്വാസിയായി മാറിയിരുന്ന ഹെരാക്ലിയൂസ് ചക്രവർത്തിതന്നെ വിശുദ്ധ കുരിശ് ദേവാലയത്തിലേക്ക് ചുമലിൽ വഹിച്ച് കയറ്റാൻ ആഗ്രഹിച്ചു. അസുലഭമായ ഈ ദിവ്യകർമ്മത്തിനായി ചക്രവർത്തി എത്തിയത് അമൂല്യമായ രത്നങ്ങൾ പതിച്ച ഏറ്റവും പകിട്ടാർന്ന രാജകീയ വസ്ത്രങ്ങളും കിരീടവും ധരിച്ചായിരു

ന്നു. വലിയ ജനാവലിയുടെ അകമ്പടിയോടെ കുരിശ് വഹിച്ച് നിങ്ങാൻ ശ്രമിച്ച ചക്രവർത്തി കുരിശിന്റെ ഭാരത്താൽ തളർന്ന് വിറച്ചു. ഈ അവസരത്തിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ജറുസലേമിന്റെ മെത്രാൻ മാർ സഖറിയാസ് ചക്രവർത്തിയുടെ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു: രത്നകല്ലുകൾ പതിച്ച നിന്റെ രാജകീയ വസ്ത്രങ്ങളും കിരീടവും ഒഴിവാക്കിയാൽ കുരിശിന്റെ ഭാരം നിനക്ക് ലഘുവായിതോന്നും. ഉടനെ ചക്രവർത്തി തന്റെ രാജകീയ വേഷങ്ങൾ മാറ്റി ലളിതവസ്ത്രങ്ങൾ ധരിച്ച് കർത്താവിന്റെ കുരിശ് വീണ്ടുമെടുത്തു, ഉറച്ച കാലടികളോടെ വിശുദ്ധ കബറിടത്തിന്റെ ദേവാലയപ്പടികൾ കയറി. കുരിശെടുക്കാൻ തയ്യാറാകുന്നവർ അതിനുചേർന്ന ജീവിതശൈലി സ്വീകരിക്കണം. ശിഷ്യരുടെ പാദങ്ങൾ കഴുകാൻ ഒരുങ്ങിയ കർത്താവ് അധികാരത്തിന്റെ മേലങ്കി മാറ്റിയതും സേവകരുടെ തൂവാല അരയിലുടുത്തതും, സ്ഥിരമായിരിക്കുന്ന നടുവിലത്തെ കസേര വിട്ടെഴുന്നേറ്റ് അറ്റത്തിരിക്കുന്നവന്റെ മുമ്പിൽ മുട്ടുകുത്തിയതും നാമിന്ന് അനുസ്മരിക്കണം. കുരിശ് ശരീരത്തിലണിയേണ്ട ദിവ്യാ രണം എന്നതിനേക്കാൾ ഉള്ളിൽനിന്നും വരേണ്ട ജീവിതശൈലിയാണ്.

സ്വന്തം കുരിശ് വഹിച്ച് എന്റെ പിന്നാലെ വരുവിൻ എന്ന വാക്കുകൾ ചരിത്രത്തിൽ ആദ്യമായി അക്ഷരാർത്ഥത്തിൽ ചെയ്തു കാണുന്നത് യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ട് കള്ളന്മാരാണ്. യേശുവിന്റെ തൊട്ടുപിന്നാലെ കുരിശു വഹിച്ചുകൊണ്ട് ഈ കള്ളന്മാരും ഉണ്ടായിരുന്നു. ആലങ്കാരികമായിപ്പറഞ്ഞാൽ, കാൽവരിയിലെ ആദ്യബലി ഒരു സമൂഹബലിയായിരുന്നു. നിത്യപുരോഹിതനായ ക്രിസ്തു രണ്ടു കള്ളന്മാരോടൊപ്പം ബലിയർപ്പകനും ബലിവസ്തുവുമാകുന്നു. എല്ലാ ബലിയും സമൂഹബലിയാണ്; ക്രിസ്തുവിന്റെ സ്ഥാനത്ത് നിൽക്കുന്ന പുരോഹിതനോടൊപ്പം ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുചേരുന്ന വൈദികരും പൊതുപൗരോഹിത്യം സ്വീകരിച്ചിട്ടുള്ള ദൈവജനവും ചേർന്നാണല്ലോ എല്ലാ ബലികളും അർപ്പിക്കുന്നത്. ഈ അനുദിന ബലിയർപ്പണത്തിൽ ക്രിസ്തു മാത്രമാണ് പരിശുദ്ധനായ അർപ്പകൻ; ബാക്കിയെല്ലാവരും കള്ളന്മാരാണ്, കുറ്റവാളികളാണ്. അതുകൊണ്ട്, നമുക്കു മുമ്പിൽ ഒരൊറ്റ തെരഞ്ഞെടുപ്പ് സാധ്യതയേയുള്ളൂ: ഒന്നുകിൽ ഒരു നല്ല കള്ളനാവുക, അല്ലെങ്കിൽ ഒരു ചീത്ത കള്ളനാവുക. യേശുവിനോ ടൊപ്പം റോമൻ പടയാളികൾ കുരിശിലേറ്റിയ ദിസ്മാസ്, ഗെസ്താസ് എന്നീ കള്ളന്മാർക്കും ഈ രണ്ട് സാധ്യതകളുണ്ടായിരുന്നു. പരിശുദ്ധനായ കർത്താവിനെ നിന്ദിച്ചുകൊണ്ട് ഗെസ്താസ് അവനിലെ തിന്മയെ സ്ഥിരീകരിച്ചപ്പോൾ, പരിശുദ്ധനായ കർത്താവിനോട് കരുണ യാചിച്ചുകൊണ്ട് ദിസ്മാസ് അവനിലെ നന്മയെ തെളിച്ചെടുത്തു; കർത്താവ് അവന് പറുദീസ വാഗ്ദാനം ചെയ്തു. ഒരുപക്ഷെ, ഒരു വലിയ വിശുദ്ധനാകണം/വിശുദ്ധയാകണം എന്ന പ്രശംസനീയമായ ആത്മീയാഭിലാഷം തത്ക്കാലത്തേക്ക് നാം ഉപേക്ഷിക്കണം; പകരം ഒരു നല്ല കള്ളനാകാൻ നമുക്ക് പരിശ്രമിക്കാം.

ഏതാനും ദശകങ്ങൾക്കുമുമ്പ് മലയാള സാഹിത്യത്തിലും സിനിമാലോകത്തും ശ്രദ്ധേയമായ ഒരു പേരാണ് വെള്ളായണി പരമു. വെള്ളായണിപരമു ഒരു കള്ളനാണ്; പക്ഷെ അവനൊരു നല്ല കള്ളനാണ്. നാട്ടുകാർക്കവനെ വലിയ ഇഷ്ടമാണ്. ഒരിക്കൽ അയൽപക്കത്തെ വീട്ടിലെ ഒരു കല്യാണത്തിന് കാലേക്കൂട്ടി വന്ന് കാര്യമായി ക്ഷണിച്ചിട്ടും ഒന്നു കടന്നുചെല്ലുകപോലും ചെയ്യാത്തതിന്റെ പേരിൽ പരാതിയുമായി വന്ന അയൽക്കാരി ചേടത്തിയോട് പരമു പറഞ്ഞ കാരണം ആ കള്ളന്റെയുള്ളിലെ നന്മ വിളിച്ചറിയിക്കുന്നതാണ്:

നിങ്ങളോട് സ്നേഹമില്ലാത്തതുകൊണ്ടല്ല, ആത്മാർത്ഥമായ സ്നേഹം ഉള്ളതുകൊണ്ടാണ് ഞാൻ കല്യാണത്തിന് വരാതിരുന്നത്. കല്യാ ണസദ്യയുടെ ആവശ്യങ്ങൾക്കായി ഉരുളി, ചെമ്പ്, വാർപ്പ് തുടങ്ങി പലതും വാടകയ്ക്കും കടമായും നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടാകും. സ്വഭാവേന കള്ളനായ ഞാൻ ഇവയിലെന്തെങ്കിലും കട്ടുകൊണ്ടുപോന്നാൽ അത് ഞാൻ നിങ്ങളോട് ചെയ്യുന്ന വലിയ ദ്രോഹമാകുമല്ലോ എന്ന് കരുതിയാണ് ഞാൻ വരാതി

രുന്നത്. മോഷ്ടിച്ചെടുത്തതെല്ലാം ഉടമസ്ഥർക്ക് തിരിച്ചു നൽകുന്നതിനായി അവ മുഴുവൻ ഒരു ആത്മീയാചാര്യനെ ഏല്പ്പിച്ചിട്ടാണ് കഥയിലെ പരമു എന്ന നല്ല കള്ളൻ മരിക്കുന്നത്. ഇതുപോലെയുള്ള ഹൃദയപരമാർത്ഥ ത നമുക്കുണ്ടെങ്കിൽ മരിക്കുന്നത് കള്ളനായിട്ടാണെങ്കിലും ഉയിർക്കുന്നത് പറുദീസായിലായിരിക്കും. കുരിശിൽ കിടന്നുകൊണ്ട് കർത്താവിന്റെ ഹൃദയം കവർന്ന ദിസ്മാസ് എന്ന നല്ല കള്ളനെ നമുക്കനുകരിക്കാം; വഞ്ചിച്ചെടുത്തതെല്ലാം ഇരട്ടിയായി തിരികെ നൽകുന്നുവെന്ന് പരസ്യമായിപ്പറഞ്ഞ സക്കേവൂസിനെ നമുക്ക് മാതൃകയാക്കാം.

നമ്മൾ പാപികളാണ്; കള്ളന്മാരാണ്. പക്ഷെ, പറുദീസ നമുക്കും പ്രാ പ്യമായ കാര്യമാണ്. പാപിയാണെന്ന ആത്മബോധവും പരിശുദ്ധനായവൻ കരുണയോടെ അരികിലുണ്ടെന്ന വിശ്വാസവുമാണ് നമുക്കു വേണ്ടത്. ഫ്രാൻസിസ് പാപ്പയോട് ഒരു മാധ്യമ പ്രവർത്തകൻ ചോദിച്ചു: പരിശുദ്ധ പാപ്പയെന്ന് ലോകം ആദരിക്കുന്ന താങ്കൾ സത്യത്തിൽ ആരാണ്? അർജന്റീനയിലെ മുൻകാല പ്രവർത്തനങ്ങളേയും അതിനുമുമ്പുള്ള വ്യക്തി ജീവിതവഴികളുടെ വിശദാംശങ്ങളേയും ചൂണ്ടിയായിരുന്നു ചോദ്യം - ആരാണ് ജോർജ് ബർഗോഗ്ലിയോ? ഫ്രാൻസീസ് പാപ്പയുടെ ഉത്തരം ലളിതവും ധീരവും സത്യസന്ധവുമായിരുന്നു!

ഞാനൊരു പാപിയാണ്; ദൈവം കരുണയോടെ നോക്കുന്ന ഒരു പാപി!! അറിഞ്ഞും അറിയാതെയും അനേകം പാപങ്ങൾ ചെയ്ത് ജീവിക്കുന്ന നമുക്ക് ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹം ദൈവത്തിന്റെ കരുണയാണ്. കുരിശിൽ തുറക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽ നിന്ന് പുറപ്പെട്ട രക്തവും ജലവും കരുണയുടെ നിലക്കാത്ത അരുവിയായി നമ്മെ ചുറ്റി ഒഴുകുകയാണ്. പാപമോചനത്തിന്റെ മാമ്മോദീസായും പുതുജീവിതത്തിന്റെ കുർബാനയുമായി തിരുഹൃദയത്തി ലെ രക്തവും ജലവും ഇന്നും നമ്മെ തേടിയെത്തുന്നു. മേന്മ ഭാവിക്കാൻ ഒന്നുമില്ലാത്ത നമ്മുടെ ജീവിതത്തിലെ ഏക നന്മ ദൈവത്തിന്റെ കരുണയാണ്. നല്ല കള്ളന്റെ കുമ്പസാരത്തിൽ ഈ തിരിച്ചറിവ് നന്നായി പ്രതിഫലിക്കുന്നുണ്ട് - എന്റെ കഷ്ടത ഞാനർഹിക്കുന്നതാണ്. എങ്കിലും നിന്റെ കരുണയിൽ ഞാൻ പ്രത്യാശ വയ്ക്കുന്നു. നിന്റെ രാജ്യത്തിൽ എന്നെയും ഓർക്കണമേ.